പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2377 **27-10-2026-ൽ മറുപടിയ്ക്ക്**

കുറഞ്ഞ നിരക്കിലെ വൈദ്യുതി വാങ്ങൽ കരാർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. പി. പി. സുമോദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനായി 2015-ൽ ഒപ്പുവച്ച ദീർഘകാല കരാർ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

മറുപടി: 2014 ൽ DBFOO അടിസ്ഥാനത്തിൽ 865 മെഗാവാട്ട് വൈദ്യുതി വിവിധ കമ്പനികളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള ദീർഘകാല കരാറിൽ കെഎസ്ഇബിഎൽ ഏർപ്പെടുകയുണ്ടായി.

വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

(ബി) റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ പാലിച്ചാണോ കരാർ ഒപ്പുവച്ചത്; ഇത് ക്രമപ്പെടുത്തുന്നതിന് എപ്പോഴാണ് നടപടി സ്വീകരിച്ചത്;

മറുപടി: 2014 ൽ ഒപ്പുവെച്ച DBFOO കരാറുകൾക്ക് വ്യവസ്ഥപ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം അനിവാര്യമാണ്. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത, പ്രസരണ ശൃംഖല അനുവദിച്ചു കിട്ടുന്നതിനുള്ള നടപടിക്രമം എന്നിവ പരിഗണിച്ച് 20.12.2014 -ൽ ഗവൺമെന്റ് അനുമതിയോടെ കെഎസ്ഇബിഎൽ ഈ കമ്പനികളുമായി കരാറിൽ ഏർപ്പെട്ടു. കരാറുകൾക്ക് ലഭിക്കേണ്ട അംഗീകാരത്തിന് വേണ്ടി 20.04.2015-ൽ കെഎസ്ഇബിഎൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ പെറ്റീഷൻ സമർപ്പിച്ചു. 30.08.2016-ലെ ഉത്തരവിലൂടെ കമ്മീഷൻ ബിഡ് 1, ബിഡ് 2 എന്നിവയിലെ L1 നിരക്കുകൾക്ക് മാത്രമാണ് അംഗീകാരം നൽകിയത്.

(സി) ഇക്കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: 2014-ൽ DBFOO അടിസ്ഥാനത്തിൽ കെഎസ്ഇബിഎൽ ഏർപ്പെട്ട ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ, രണ്ട് ടെൻഡറുകളിലെയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കമ്പനികളുമായുള്ള 300 മെഗാവാട്ടിന്റെ കരാറുകൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 30.08.2016-ലെ ഉത്തരവിലൂടെ അംഗീകാരം നൽകി. ശേഷിക്കുന്ന കരാറുകളുടെ കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലപാട് ലഭ്യമാക്കാൻ നിർദേശിച്ചു. തുടർന്ന് 21.12.2016-ലെ

ഉത്തരവിലൂടെ ജാബുവ പവർ ലിമിറ്റഡിൽനിന്നുള്ള 115 മെഗാവാട്ട് വൈദ്യുതി വാങ്ങലിന് താൽക്കാലിക അംഗീകാരം നൽകി.

അംഗീകാരം ലഭിക്കാത്ത കരാറുകളുടെ വൈദ്യുതി വാങ്ങൽ ചെലവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കമ്മീഷന്റെ ഉത്തരവിനെതിരെ ഉൽപ്പാദന കമ്പനി അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കുകയും അനുകൂല ഇടക്കാല ഉത്തരവ് നേടുകയും ചെയ്തു. ഇതിനെതിരെ കമ്മീഷൻ ബഹു. സുപ്രീം കോടതിയെ സമീപിച്ചു. ബഹു. സുപ്രീം കോടതി 10.02.2023-ലെ ഉത്തരവിലൂടെ മൂന്ന് മാസത്തിനകം വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാൻ കമ്മീഷന് നിർദ്ദേശം നൽകി. തുടർന്ന് കമ്മീഷൻ 10.05.2023-ലെ ഉത്തരവിലൂടെ ശേഷിക്കുന്ന465 മെഗാവാട്ടിന്റെ നാല് കരാറുകൾ റദ്ദാക്കി.

എന്നാൽ, ഇക്കാര്യത്തിൽ അഞ്ച് മാസങ്ങൾക്ക് ശേഷം 10.10.2023-ന് മാത്രമാണ് സംസ്ഥാന സർക്കാർ വൈദ്യുതി നിയമം 2003-ലെ വകുപ്പ് 108 പ്രകാരം കമ്മീഷന് നിർദ്ദേശം നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ, കമ്മീഷൻ പുനഃപരിശോധന നടത്തി 29.12.2023-ലെ ഉത്തരവിലൂടെ കരാറുകൾ പ്രകാരമുള്ള വൈദ്യുതി വിതരണം പുനരാരംഭിക്കാൻ ഉൽപ്പാദന കമ്പനികൾക്ക് നിർദേശം നൽകി. പ്രസ്തുത ഉത്തരവിനെതിരെ ഉൽപ്പാദന കമ്പനികൾ അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കുകയും ട്രൈബ്യൂണൽ 26.07.2024-ലെ ഉത്തരവിലൂടെ കമ്മീഷന്റെ പുനഃപരിശോധനാ ഉത്തരവ് നിയമാനുസൃതമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. കേസ് നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ഡി) ദീർഘകാല കരാർ റദ്ദാക്കിയ കമ്മീഷന്റെ നടപടിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിലുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

മറുപടി: കേസിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് നേരത്തേ വാദം കേൾക്കുന്നതിനായി 09.07.2026-ന് പ്രത്യേക അപേക്ഷ (Interlocutory Appeal 192177/2026) സമർപ്പിച്ചിരുന്നു. തുടർന്ന്, ബഹു. സുപ്രീം കോടതി കേസ് 09.12.2026-ന് വാദം കേൾക്കുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. കേസ് നിലവിൽ ബഹു. സുപ്രീംകോടതി യുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പർ	കമ്പനി	വിഹിതം മെഗാവാട്ടിൽ (MW)	കേരളത്തിൽ ലഭിക്കുമ്പോൾ കൊടുക്കേണ്ട വില യൂണിറ്റിന്	തൽസ്ഥിതി
Bid 1				
1	Jindal power Ltd	200	3.6	അനുമതി ലഭിച്ചു (30.08.2016)
2	Jhabua Power Ltd	115	4.15	സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.05.2023 ലെ ഉത്തരവിലൂടെ കരാർ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചു .
Bid 2				
1	BALCO	100	4.29	അനുമതി ലഭിച്ചു (30.08.2016)
2	JITPL	100	4.29	സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.05.2023 ലെ ഉത്തരവിലൂടെ കരാർ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചു
3	Jhabua Power Ltd	100	4.29	
4	Jindal power Ltd	150	4.29	
	Total	**765**		

* ബിഡ് – 2 പ്രകാരം M/s East Cost Energy Pvt. Ltd.-യുമായി (100 MW) കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും വൈദ്യുതി കരാറിൽ (PSA) നിഷ്കർഷിച്ചിരുന്ന സമയപരിധിക്കുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ കമ്പനി പരാജയപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കരാർ പിന്നീട് റദ്ദാക്കുകയുണ്ടായി.

Section Officer